(ഇ) ബ്രഹ്മപുരത്തെ കേടായ 2 ഡീസൽ യൂണിറ്റുകൾ മാറ്റി ഉദ്ദേശം 40MW ശേഷിയുള്ള വാതകാധിഷ്ഠിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. ഊർജ്ജോല്പാദനത്തിനായി പരിഗണിക്കേണ്ട ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം 107.5 മെഗാവാട്ടിന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാന്റ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്നു. കൂടാതെ 54.25 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 11 പദ്ധതികളുടെ ഡി.പി.ആർ. മേയ് 2015-നുമുമ്പ് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുകൂടാതെ 61.25 മെഗാവാട്ടിന്റെ 10 പുതിയ പദ്ധതികൾ അടുത്ത രണ്ടു വർഷത്തിനകം ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. പൂർത്തിയാക്കാൻ വേണ്ടി കണ്ടെത്തിയിട്ടുണ്ട്.

കാസർഗോഡ് വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ നടപടി

39 (385) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ 110KV തൗഡുഗൊളി ലൈൻ ഡബിൾ സർക്യൂട്ട് ആക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രവൃത്തിക്കായുള്ള ചെലവ് എത്രയാണ് ; ഇതിനായി ഫണ്ട് നീക്കിവച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിലേക്കായി 110 കെ.വി. മൈലാട്ടി-തൗഡുഗൊളി സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ആക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഒരു ഭാഗം ടെണ്ടർ ചെയ്തെങ്കിലും ആദ്യം ആരുംതന്നെ പങ്കെടുത്തില്ല. വീണ്ടും ടെണ്ടർ ചെയ്തപ്പോൾ എസ്റ്റിമേറ്റ് തുകയുടെ 135.38 ശതമാനം അധികമായിട്ടാണ് ദർഘാസ് ലഭ്യമായത്. പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മൊത്തം പ്രവൃത്തിക്കായുള്ള പഴയ നിരക്ക് പ്രകാരമുള്ള ചെലവ് - 2009 ലക്ഷം രൂപ. ഈ സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിക്കായി 30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly